നമ്പർ. സി.പി(5)16207/2013

സഹകരണ സംഘം രജിസ്ട്രാർ ആഫീസ്
കേരള, തിരുവനന്തപുരം, തീയതി : 20.04.2013
E.Mail : Keralarcs.coop@kerala.gov.in
Website : www.cooperation.kerala.gov.in

## സർക്കുലർ നമ്പർ. 27/2013

വിഷയം : സഹകരണ വകുപ്പ് - ജീവനക്കാരുടെ സഹകരണ സംഘങ്ങൾ - അംഗങ്ങൾ അല്ലാത്തവരുടെ നിക്ഷേപങ്ങൾ സ്വീകരിക്കുന്നത് - സ്ഥിരം ജീവനക്കാരെ നിയമിക്കാതെ താൽക്കാലിക ജീവനക്കാരെ ഉപയോഗിച്ച് പണമിടപാടുകൾ നടത്തുന്നത്-ക്രമക്കേടുകൾ - നിർദ്ദേശങ്ങൾ പുറപ്പെടുവിക്കുന്നത് - സംബന്ധിച്ച്

*****

1. സംസ്ഥാനത്ത് പ്രവർത്തിക്കുന്ന ജീവനക്കാരുടെ സഹകരണ സംഘങ്ങൾ, കാർഷികേതര വായ്പാമേഖലയിലെ പ്രധാനപ്പെട്ട സഹകരണസംഘങ്ങളാണ്. സർക്കാർ, അർദ്ധ സർക്കാർ, സ്വകാര്യ സഹകരണ മേഖലകളിൽ പ്രവർത്തിക്കുന്ന ജീവനക്കാരുടെ സഹകരണ സംഘങ്ങളിൽ, ടി സ്ഥാപനത്തിലെ അല്ലെങ്കിൽ ടി മേഖലയിലെ ജീവനക്കാർ മാത്രമാണ് അംഗങ്ങൾ. അപൂർവ്വം ചില സഹകരണ സംഘങ്ങളിൽ ടി സംഘത്തിലെ അംഗങ്ങളായ ജീവനക്കാർക്ക് വായ്പ നൽകുമ്പോൾ ജാമ്യം നൽകുന്നതിനും, ചിട്ടിയിൽ ചേരുന്നതിനും മാത്രമായി മറ്റ് സർക്കാർ വകുപ്പുകളിലെ ജീവനക്കാരെ നോമിനൽ അംഗങ്ങളായി ചേർക്കാൻ ബൈലായിൽ വ്യവസ്ഥചെയ്തിട്ടുണ്ട്. എന്നാൽ ജീവനക്കാരുടെ ചില സഹകരണ സംഘങ്ങളിൽ, ടി മേഖലയുമായി യാതൊരുബന്ധവുമില്ലാത്ത മറ്റ്വിഭാഗം അംഗങ്ങൾക്ക് അംഗത്വം നൽകുകയും, വായ്പനൽകുകയും, നിക്ഷേപങ്ങൾസ്വീകരിക്കുന്നതായും നിക്ഷേപങ്ങൾക്ക് കൂടിയ പലിശനിരക്കുകൾ നൽകിവരുന്നതായും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഈ നടപടി നിയമവിരുദ്ധവും, അംഗീകരിക്കാൻകഴിയാത്തതുമാകയാൽ ഉടൻതന്നെ ഇപ്രകാരം അനർഹമായി അംഗങ്ങളെ ചേർത്തിട്ടുള്ളതും, നിക്ഷേപം വാങ്ങിയിട്ടുള്ളതും അവസാനിപ്പിക്കേണ്ടതാണ്.

2. ജീവനക്കാരുടെ സഹകരണ സംഘങ്ങളിലെ അംഗത്വം ജീവനക്കാർക്ക് മാത്രമാണ് നിജപ്പെടുത്തിയിട്ടുള്ള്. ജീവനക്കാരൻ സർവ്വീസിൽ നിന്ന് വിരമിക്കുമ്പോഴോ, സേവനം മറ്റ് കാരണങ്ങളാൽ അവസാനിപ്പിക്കുമ്പോഴോ, അംഗത്വം അവസാനിക്കുന്നതാണ്. ഇതിന്വിരുദ്ധമായി ഏതെങ്കിലും ബൈലാവ്യവസ്ഥ ഉണ്ടെങ്കിൽ ആയത് ഉടൻ ഭേദഗതി ചെയ്യുകയും, അനർഹമായ അംഗങ്ങളെ ഉടൻ നീക്കം ചെയ്യേണ്ടതുമാണ്. യാതൊരു കാരണവശാലും പൊതുജനങ്ങളിൽ നിന്നോ അംഗങ്ങളല്ലാത്തവരിൽ നിന്നോ നിക്ഷേപം സ്വീകരിക്കാൻ പാടുള്ളതല്ല. അപ്രകാരം നിക്ഷേപം സ്വീകരിക്കുന്ന നടപടികൾ ഉടൻ നിർത്തേണ്ടതും നിക്ഷേപങ്ങൾ ഉടൻ മടക്കി നൽകേണ്ടതുമാണ്. ബൈലായിൽ അംഗങ്ങളല്ലാത്തവരിൽ

നിന്നും നിക്ഷേപം വാങ്ങാൻ വ്യവസ്ഥയുണ്ടെങ്കിൽ ടി വ്യവസ്ഥ അടിയന്തിരമായി ഭേദഗതി ചെയ്ത് നീക്കേണ്ടതാണ്.

3. മാത്രമല്ല, ഭരണ സമിതി അംഗം തന്നെ ഹോണററി സെക്രട്ടറി ആയിരിക്കുകയും പണമിടപാടുകൾനടത്താൻ സ്ഥിരംജീവനക്കാർ ആരും ഇല്ലാതിരിക്കുകയും, എന്നാൽ ദിവസവേതനത്തിലും, കരാർ അടിസ്ഥാനത്തിലും മറ്റും ജീവനക്കാരെ നിയമിക്കുകയും പണമിടപാടുകൾ നടത്തിവരുകയും ചെയ്യുന്നതായും കണ്ടെത്തിയിട്ടുണ്ട്. ടി ഇടപാടുകളും ഉടൻ അവസാനിപ്പിക്കേണ്ടതാണ്. താൽക്കാലിക ജീവനക്കാരെ നിയമിച്ച് പണമിടപാട് നടത്തുകയും, ചെക്കുകളും, സ്ഥിരനിക്ഷേപസർട്ടിഫിക്കറ്റുകളും മുൻകൂറായി ഒപ്പിട്ടുനൽകുകയും തന്മൂലം വൻ തട്ടിപ്പുകൾ ചില സ്ഥാപനങ്ങളിൽ നടന്നതായും കണ്ടെത്തിയിട്ടുള്ളതിനാൽ ഇപ്രകാരം സ്ഥിരജീവനക്കാരില്ലാതെയും പണമിടപാടുകൾ നടത്തുന്നതിന് സംവിധാനമില്ലാതെയും അംഗങ്ങളിൽ നിന്നു പോലും നിക്ഷേപം സ്വീകരിക്കുകയോ, വായ്പാ ഇടപാടുകൾ നടത്തുകയോ ചെയ്യാൻ പാടുള്ളതല്ല. ആവശ്യമാണെങ്കിൽ അത്തരം സംഘങ്ങൾ വായ്പ നൽകുന്നതും നിക്ഷേപം സ്വീകരിക്കുന്നതും തടഞ്ഞുകൊണ്ട് ബന്ധപ്പെട്ട ജോയിന്റ് രജിസ്ട്രാർമാർ ഉത്തരവ് നൽകേണ്ടതാണ്.

4. ദിവസവേതനത്തിലും താൽക്കാലികഅടിസ്ഥാനത്തിലും ജോലിചെയ്യുന്ന എല്ലാ ജീവനക്കാരുടേയും സേവനം ഉടൻ അവസാനിപ്പിക്കേണ്ടതാണ്. യാതൊരു കാരണവശാലും അത്തരക്കാരെ ഉപയോഗിച്ച് പണമിടപാടുകൾ നടത്തുന്നതിന് അനുവദിക്കാൻ കഴിയില്ല. മാത്രമല്ല പുതിയ സംഘങ്ങൾ രജിസ്റ്റർ ചെയ്യുമ്പോൾ ജീവനക്കാരുടെ ആവശ്യങ്ങൾക്ക് ഉപരി, സ്വർണ്ണപ്പണയം, ദിവസപ്പിരിവ് തുടങ്ങിയ വ്യവസ്ഥകൾ ഉൾക്കൊള്ളിച്ച് യാതൊരു കാരണവശാലും ബൈലാ അംഗീകരിച്ചുനൽകരുത്. സംഘത്തിന്റെ പ്രവർത്തനം വിലയിരു ത്തിയും, ആവശ്യമായ സുരക്ഷാ സംവിധാനം ഉറപ്പാക്കിയും, രജിസ്ട്രാറുടെ അംഗീകാരത്തോടുകൂടിമാത്രമേ ടി വ്യവസ്ഥ, പിന്നീട് ഉൾപ്പെടുത്തിനൽകാവൂഎന്നുംനിർദ്ദേശിക്കുന്നു.

5. സ്ഥിരനിക്ഷേപങ്ങൾക്ക് സഹകരണ സംഘം രജിസ്ട്രാർ നിശ്ചയിച്ചുനൽകുന്ന നിരക്കിനേക്കാൾ അധികരിച്ചനിരക്കിൽ പലിശ നൽകുവാൻ പാടുള്ളതല്ല എന്നും അപ്രകാരം അധികരിച്ചനിരക്കിൽ പലിശനൽകുന്നത് ശ്രദ്ധയിൽപ്പെടുകയാണെങ്കിൽ ടി ബാങ്കുകളുടെ/ സംഘങ്ങളുടെ നിക്ഷേപം സ്വീകരിക്കുന്നതിനുള്ള അധികാരം റദ്ദുചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിക്കുമെന്നും നിർദ്ദേശങ്ങൾ നൽകിയിരുന്നു. എന്നാൽ ടി നിർദ്ദേശങ്ങൾ പാലിക്കാതെ നിശ്ചിതനിരക്കിനെ അധികരിച്ചു നിക്ഷേപങ്ങൾക്കു അധികപലിശ നൽകുന്നതായും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ടി നടപടിയും ഉടൻ അവസാനിപ്പിക്കേണ്ടതാണ്.

6. സഹകരണ സംഘങ്ങളുടെ പ്രവർത്തനത്തിൽ ഊർജ്ജിതമായ പ്രവർത്തനം വകുപ്പ് ഉദ്യോഗസ്ഥർ സ്വീകരിക്കേണ്ടതും ഇക്കാര്യത്തിൽ പരിശോധനയും ആഡിറ്റും യഥാസമയം നൽകുന്നു എന്ന് ഉറപ്പാക്കേണ്ടതുമാണ്. ഇൻസ്പെക്ടർമാരുടെയും ആഡിറ്റർമാരുടെയും ജോലി അവലോകനം നടത്തുന്നതിനും അതോടൊപ്പം സംഘം പ്രവർത്തനം നിയമപരമായാണോ നടത്തുന്നതെന്നും ഉറപ്പാക്കേണ്ട ചുമതല അസിസ്റ്റന്റ് രജിസ്ട്രാർമാർക്കും/അസിസ്റ്റന്റ് ഡയറക്ടർമാർക്കും, ജോയിന്റ് രജിസ്ട്രാർമാർക്കും/ജോയിന്റ് ഡയറക്ടർമാർക്കും ഉണ്ട്.

7. സഹകരണ സംഘം രജിസ്ട്രാർ പുറപ്പെടുവിക്കുന്ന നിർദ്ദേശങ്ങൾ പാലിക്കാതെ വീഴ്ച വരുത്തിയ ഉദ്യോഗസ്ഥർ പലകാലങ്ങളിൽ ശിക്ഷണനടപടികൾക്കുവിധേയരാകേണ്ടി വന്നിട്ടുള്ള കാര്യവും ഓർമ്മപ്പെടുത്തുന്നു.

8. ബന്ധപ്പെട്ട ഉദ്യോഗസ്ഥന്മാർ ടി സർക്കുലർ നിർദ്ദേശം ശരിയായി പാലിക്കുന്നു എന്ന് ഉറപ്പുവരുത്തേണ്ടതുമാണ്.

ഒപ്പ്
സഹകരണ സംഘം രജിസ്ട്രാറുടെ ചുമതല വഹിക്കുന്ന
അഡീഷണൽ രജിസ്ട്രാർ (ക്രെഡിറ്റ്)